LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ യാത്രാ ചെലവ്

4 [4] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിമാരുടെയും യാത്രയ്ക്കായി എന്ത് തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ മന്ത്രിമാരുടെയും വിമാനയാത്രയ്ക്കായി എന്തു തുകയാണ് ചെലവിട്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ മന്ത്രിമാരും എത്ര വിദേശ യാത്രകൾ നടത്തി എന്നും വിദേശ യാത്രയ്ക്കായി ഓരോരുത്തരും എന്തു തുക ചെലവിട്ടു എന്നും തരംതിരിച്ച് പറയാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ മന്ത്രിമാരും ഏതൊക്കെ വിദേശരാജ്യങ്ങളിലേക്ക് യാത്ര നടത്തിയിട്ടുണ്ടെന്നും ഓരോ രാജ്യത്തേക്കും എത്ര പ്രാവശ്യം വീതം യാത്ര ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി, ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിമാന യാത്രകൾ

5 [5] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ എത്ര പ്രാവശ്യം ഡൽഹിയിലേക്ക് വിമാനയാത്ര നടത്തിയെന്നും അതിനായി ഓരോരുത്തർക്കും എത്ര തുക വീതം വിമാന യാത്രാ കൂലിയായും മറ്റു യാത്രാ അലൻസുകളായും താമസച്ചെലവായും ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ ഏതൊക്കെ മന്ത്രിമാർ വിദേശയാത്രകൾ നടത്തിയിട്ടുണ്ടെന്നും അതിലേക്കായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) ഇത്തരം വിദേശയാത്രകൾ നടത്തിയത് ഏതെല്ലാം രാജ്യങ്ങളിലേക്കായിരുന്നുവെന്നും അവയിലേതൊക്കെയാണ് സംസ്ഥാനത്തിന്റെ ഔദ്യോഗിക താല്പര്യമനുസരിച്ച് നടത്തിയതെന്നും വ്യക്തമാക്കാമോ?

† അനുബന്ധം III